# S.S.L.C. EXAMINATION, MARCH - 2013
# SOCIAL SCIENCE (HISTORY & GEOGRAPHY)

Time : 2½ Hours Total Score : 80

***നിർദ്ദേശങ്ങൾ:***

- എല്ലാ ചോദ്യങ്ങൾക്കും ഉത്തരം എഴുതണം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വായിച്ച് മനസ്സിലാക്കി വേണം ഉത്തരമെഴുതാൻ.
- ഓരോ ചോദ്യത്തിന്റെയും സ്കോർ അതത് ചോദ്യത്തിന് നേരെ നൽകിയിരിക്കുന്നു.
- പതിനഞ്ച് മിനിട്ട് സമാശ്വാസസമയമായി (Cool off time) കണക്കാക്കി ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ച് മനസ്സിലാക്കാൻ ശ്രമിക്കണം.

[Score]

Q1. കേന്ദ്ര സർക്കാർ 1953-ൽ നിയമിച്ച സംസ്ഥാന പുന:സംഘടനാകമ്മീഷനിലെ ഏതെങ്കിലും രണ്ട് അംഗങ്ങളുടെ പേരെഴുതുക. കമ്മീഷന്റെ ഏതെങ്കിലും ഒരു ശുപാർശ എഴുതുക. (3)

Q2. ഏഷ്യാ ഭൂഖണ്ഡത്തിലെ ഏതെങ്കിലും നാല് കാലാവസ്ഥാ മേഖലകളെയും, അവയുടെ കാലാവസ്ഥാ സവിശേഷതകളെയും കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക. (4)

Q3. ഫ്രഞ്ച് വിപ്ലവം പൊട്ടിപ്പുറപ്പെടുന്നതിൽ റൂസ്സോ വഹിച്ച പങ്ക് പരിശോധിക്കുക. (2)

Q4. ജലസംഭരണികളുടെ രൂപീകരണം ആഗോളതാപനം വർദ്ധിക്കുന്നതിന് ഇടയാകുന്നതെങ്ങനെ? (2)

Q5. ദേശീയോദ്ഗ്രഥനം എന്നാലെന്ത്? ഇന്ത്യയുടെ എല്ലാ തലത്തിലുമുള്ള ഉദ്ഗ്രഥനത്തിന് തടസ്സമായി പ്രവർത്തിക്കുന്ന ഏതെങ്കിലും ഒരു ഘടകത്തിന്റെ പേരെഴുതുക. (2)

Q6. ഭൗമോപരിതലത്തിൽ രൂപം കൊണ്ടിട്ടുള്ള വിവിധ മർദ്ദമേഖലകൾ വിവിധതരം കാറ്റുകൾ ഉണ്ടാകുന്നതിന് കാരണമാകുന്നു. ഈ പ്രസ്താവനയെ അടിസ്ഥാനമാക്കി സ്ഥിരവാതങ്ങളുടെ വിതരണം വിവരിക്കുക. (6)

**അല്ലെങ്കിൽ**

ഉത്തരപർവ്വതമേഖലയെ ആ മേഖലയിലെ സ്ഥിതിചെയ്യുന്ന പർവ്വതനിരകളുടെ അടിസ്ഥാനത്തിൽ മൂന്നായി തിരിച്ചിരിക്കുന്നു. ഏതൊക്കെയാണ് ഇവ? ഇവയിൽ ഏതെങ്കിലും ഒന്നിന്റെ സവിശേഷതകൾ കുറിക്കുക.

Q7. ഇന്ത്യയിൽ പരിസ്ഥിതിസംരക്ഷണത്തിനായുള്ള രണ്ട് ഔദ്യോഗിക സംവിധാനങ്ങൾ ഏവ? (2)

Q8. ഭാവിതലമുറയെ യുദ്ധഭീതിയിൽ നിന്ന് രക്ഷിക്കുക എന്ന മുഖ്യലക്ഷ്യത്തോടെയാണ് ഐക്യരാഷ്ട്രസംഘടന രൂപീകരിച്ചത്. സംഘടനയുടെ മറ്റേതെങ്കിലും മൂന്ന് ലക്ഷ്യങ്ങൾ എഴുതുക. (3)

Q9. പുത്തൻ സാമ്പത്തിക നയം റഷ്യൻ സമ്പദ് വ്യവസ്ഥയെ എങ്ങനെ സഹായിച്ചുവെന്ന് വിശദമാക്കുക. (3)

Q10. ഇന്ത്യയുടെ എല്ലാ ഭാഗത്തും ഒരു പോലെയല്ല ജനസംഖ്യ വിതരണം ചെയ്തിട്ടുള്ളത്. ജനസംഖ്യാവിതരണത്തെ സ്വാധീനിക്കുന്ന നാല് ഘടകങ്ങളെ ആസ്പദമാക്കി ഈ പ്രസ്താവന പരിശോധിക്കുക. (4)

Q11. സോവിയറ്റ് യൂണിയന്റെ തകർച്ചയുടെ കാരണങ്ങൾ പരിശോധിക്കുക. ഇത് ഏകധ്രുവലോകത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ചതെങ്ങനെ? (4)

Q12. ആകാശീയ ചിത്രങ്ങളിലെ ഓവർലാപ്പ് എന്നാലെന്ത്? ആകാശീയ ചിത്രങ്ങളുടെ ത്രിമാനദൃശ്യം സാധ്യമാക്കുന്ന ഉപകരണമേത്? (2)

Q13. പതിനെട്ടാം നൂറ്റാണ്ടിലെ ഇന്ത്യയിലെ ആഭ്യന്തരസാഹചര്യങ്ങൾ സാമ്രാജ്യത്വത്തിന്റെ അധിനിവേശത്തിന് അനുകൂലമായിരുന്നു. സമർത്ഥിക്കുക. (3)

Q14. വിവിധങ്ങളായ മണ്ണിനങ്ങളാൽ രൂപം കൊണ്ടിട്ടുള്ള ഭൂവിഭാഗമാണ് ഇന്ത്യയുടെ തീരപ്രദേശം. ഇവിടെ കാണുന്ന മണ്ണിനങ്ങളും അവ പ്രധാനമായും കാണപ്പെടുന്ന പ്രദേശങ്ങളും ഏതൊക്കെയെന്ന് എഴുതുക. (3)

Smartindia.net.in

Q15. അസംഘടിതമേഖലയിൽ ജോലി ചെയ്യുന്നവർക്ക് സംഘടിതമേഖലയിൽ ജോലിചെയ്യുന്നവരെപ്പോലെ അവകാശങ്ങളും, ആനുകൂല്യങ്ങളും ലഭിക്കുന്നില്ല. ഉദാഹരണസഹിതം സമർത്ഥിക്കുക. (3)

Q16. ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതിന് ചില മുന്നൊരുക്കങ്ങൾ ആവശ്യമാണ്. ഏതെങ്കിലും രണ്ട് മുന്നൊരുക്കങ്ങൾ കണ്ടെത്തി അവ ജനാധിപത്യത്തെ ശക്തിപ്പെടുത്തുന്നതെങ്ങനെയെന്ന് പരിശോധിക്കുക. (4)

Q17. ചില ശാസ്ത്രജ്ഞരുടെ പേരുകൾ താഴെ കൊടുത്തിരിക്കുന്നു.

i) ചാൾസ് ഡാർവിൻ ii) മാക്സ് പ്ലാങ്ക് iii) ആൽബർട്ട്ഐൻസ്റ്റീൻ

ഇവരുടെ സിദ്ധാന്തങ്ങളുടെ പേരെഴുതുക. (3)

Q18. ജലഗതാഗത മാർഗ്ഗങ്ങളെ എങ്ങനെ വർഗ്ഗീകരിക്കാം? കേരളത്തിലെ കായലുകൾ കേന്ദ്രീകരിച്ചുള്ള ജലഗതാഗതമേത്? ഇന്ത്യയുടെ മറ്റ് ഏതൊക്കെ ഭാഗങ്ങളിലാണ് ഈ ജലഗതാഗതം കേന്ദ്രീകരിച്ചിരിക്കുന്നത്? (3)

Q19. എക്സൈസ് ഡ്യൂട്ടിയും കസ്റ്റംസ് തീരുവയും തമ്മിലുള്ള വ്യത്യാസം വ്യക്തമാക്കുക. (2)

Q20. കേരളത്തിലെ നവോത്ഥാന നായകന്മാർ ജാതിപരമായ അവശതകൾക്കെതിരെ സൈദ്ധാന്തികമായും, പ്രായോഗികമായും പോരാടിയിരുന്നു. പരിശോധിക്കുക. (6)

**അല്ലെങ്കിൽ**

കേരളത്തിൽ സ്വാതന്ത്ര്യസമരം 1920-ന് ശേഷം വളരെ സജീവമായിരുന്നു. സമർത്ഥിക്കുക.

Q21. സഹകരണബാങ്കുകളുടെ ഏതെങ്കിലും രണ്ട് ലക്ഷ്യങ്ങൾ എഴുതുക. കേരളത്തിലെ സഹകരണബാങ്കുകളുടെ ഘടന വ്യക്തമാക്കുക. (3)

Q22. അമേരിക്കൻ വിപ്ലവവും, ഫ്രഞ്ച് വിപ്ലവവും മനുഷ്യാവകാശങ്ങളുടെ വളർച്ചയുടെയും, വികാസത്തിന്റെയും നാഴികക്കല്ലുകളായി കണക്കാക്കുന്നു. മനുഷ്യാവകാശങ്ങളുടെ രൂപപ്പെടലിന് ഈ വിപ്ലവങ്ങൾ സഹായകമായതെങ്ങനെ? (3)

Smartindia.net.in

Q23. മതനവീകരണ നേതാക്കളുടെയും അവർ പ്രതിനിധാനം ചെയ്യുന്ന രാജ്യങ്ങളെയും അടിസ്ഥാനമാക്കി താഴെ തന്നിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.

(4)

| എ | ബി |
|---|---|
| ? | മാർട്ടിൻ ലൂഥർ |
| സ്വിറ്റ്സർലാന്റ് | ? |
| ? | ഹെൻറിഎട്ടാമൻ |
| ഫ്രാൻസ് | ? |

Q24. വിവരസാങ്കേതികരംഗത്തുണ്ടായ വളർച്ചയെക്കൂടാതെ ആഗോളവൽക്കരണത്തെ ത്വരിതപ്പെടുത്തിയ മറ്റ് ഏതെങ്കിലും രണ്ട് ഘടകങ്ങൾ എഴുതുക. (2)

Q25. ഇന്ത്യയുടെ രൂപരേഖയിൽ താഴെ പറയുന്ന ഭൂവിവരങ്ങൾ അടയാളപ്പെടുത്തി പേരെഴുതുക.

(4)

a) ആരവല്ലി പർവ്വതം b) താപ്തി നദി

c) അരുണാചൽപ്രദേശ് സംസ്ഥാനം d) വിശാഖപട്ടണം

Smartindia.net.in